# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP7/408/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP7/408/2023 തീയ്യതി: 25/03/2023

## തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാ ബീവി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ജോസ് ഡബ്ല്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനിൽകുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജു.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മിനി.എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.സുനിൽ.പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുനിൽ.പി | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സൗമ്യ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി കീർത്തി എ.ജെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| കുമാരി ശ്രീദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 01-07-2021 |
| ശ്രീ.അനിയൻ എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-07-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മിപ്രിയ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി സ്വപ്ന | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 10-06-2021 |
| ശ്രീമതി പ്രീത | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 11-06-2021 | 31-03-2022 |
| ശ്രീമതി ചിത്രകുമാരി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രേംകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ2) | 01-04-2021 | 31-03-2022 |
| ശ്രീമതി നയന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ1) | 01-04-2021 | 31-03-2022 |
| ശ്രീമതി സുചിത്രലത | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ദിലീപ്കുമാർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി സരിത വിജയൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പെൻഷൻ - | 1-5 |
| 6 | ക്യാഷ് ബാലൻസ്. | 1-6 |
| 7 | ആംഭ്യന്തര നിയന്ത്രണം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വസ്തു നികുതി നിർണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-10 |
| 11 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല. | 1-11 |
| 12 | പഞ്ചായത്ത് തല ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല -തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്. | 1-12 |
| 13 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന വെബ് സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-13 |
| 14 | പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം | 1-14 |
| 15 | ഭൂരഹിത ഭവനരഹിതരായ പട്ടിക ജാതി വിഭാഗക്കാർക്ക് വസ്തു വാങ്ങിയത് -പ്രമാണങ്ങൾ കൈമാറൽ | 1-15 |
| 16 | സുഭിക്ഷ കേരളം പ്രോജക്ടുകൾ- പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ | 1-16 |
| 17 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി – ഫയൽ രേഖകൾ പ്രകാരമുള്ള ഭൂവിസ്തൃതിക്ക് അധിക തുക അനുവദിച്ചിരിക്കുന്നു | 1-17 |
| 18 | ജലശ്രീ കിണർ റീ-ചാർജ്ജിംഗ് ,അധികമായി അനുവദിച്ച സബ്സിഡി രൂ.125500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ റീ ചാർജിംഗ് പ്രവർത്തികൾ- നടപ്പിലാക്കേണ്ടതാണ്. | 1-19 |
| 20 | എ.ബി.സി പ്രോഗ്രാം - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല രൂ.105000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-20 |
| 21 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- തുക തടസ്സം ചെയ്യുന്നു-270872/ രൂപ | 1-21 |
| 22 | അമൃതം ന്യൂട്രിമിക്സ് ലാബ് ടെസ്റ്റ് നടത്തിയിട്ടില്ല | 1-22 |
| 23 | ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല | 1-23 |

| | | |
|---|---|---|
| 24 | ഇ-ടെൻഡർ ഫീസിനത്തിൽ ലഭ്യമായ തുക തിരികെ ഈടാക്കിയില്ല | 1-24 |
| 25 | സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല. | 1-25 |
| 26 | ഇ.എം.ഡി പഞ്ചായത്ത്ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം | 1-26 |
| 27 | പ്രവൃത്തികളുടെ പൂർത്തീകരണത്തോടടുപ്പിച്ച് എസ്റ്റിമേറ്റ് പുതുക്കലിന് അംഗീകാരം നൽകി | 1-27 |
| 28 | ഹോമിയോ ഡോക്ടർ നിർവഹണം നടത്തിയ പ്രോജക്ട്- മരുന്നുകൾ ലഭിച്ചിട്ടില്ല. | 1-28 |
| 29 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.(വാർഷിക ധനകാര്യപത്രിക പ്രകാരം). | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്(എ.എഫ്.എസ് പ്രകാരം) | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 18/02/2021-ൽ ചേർന്ന പ്രത്യേക യോഗത്തിൽ വൈസ് പ്രസിഡന്റ് അവതരിപ്പിച്ചു. 4237513/-രൂപയുടെ മുന്നിരിപ്പ് ഒഴികെ 61,6159000/-രൂപയുടെ പ്രതീക്ഷിത വരവും 61,6755000/-രൂപയുടെ പ്രതീക്ഷിത ചെലവും 3641513/- രൂപയുടെ പ്രതീക്ഷിത നീക്കീയിരിപ്പും പ്രതീക്ഷിക്കപ്പെട്ടുകയും ചെയ്ത ബഡ്ജറ്റ് 20/2/2021-ലെ 1(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും ചെയ്തു. 11/3/2022-ലെ അജണ്ട 2, തീരുമാനം 1 പ്രകാരം റിവൈസ്ഡ് ബഡ്ജറ്റ് പാസാക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.07.22 | 19.09.22 |

കൃത്യമായ സമയപരിധിക്കുള്ളിൽ വാർഷിക ധനകാര്യ പത്രിക ലഭ്യമാക്കേണ്ടതാണ്. തദ്ദേശസ്ഥാപനം ഹാജരാക്കിയ വാർഷിക ധനകാര്യപത്രികയും ലഭ്യമാക്കിയ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു. അക്കൗണ്ട് പരിശോധിച്ചതിൽ കണ്ടത്തിയ അപാകങ്ങൾ ഉറപ്പുവരുത്തുന്നതിനായി അന്വേഷണകുറിപ്പ് 8/2023, 15/2023 എന്നിവ പ്രകാരം അധിക വിവരങ്ങളും, രേഖകളും,വിശദീകരണങ്ങളും, ആവശ്യപ്പെട്ടുവെങ്കിലും, ആയതിന് മറുപടികളോ, വിശദീകരണങ്ങളോ ലഭ്യമാക്കിയിട്ടില്ല.

1. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ ,ചട്ടം 17(2)പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാൻഡ് സംബന്ധിച്ചുംഡിമാൻഡുകളിലും അഡ്ജസ്റ്റമെന്റിലും വരുത്തേണ്ട മാറ്റങ്ങളെ കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാൻഡും ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരമുള്ള ഡിമാൻഡ് ജേണൽ എൻട്രി രേഖപ്പെടുത്തിയിട്ടില്ല.
2. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 62(f)പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ആയത് വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

3.ജോയിന്റ് വെഞ്ചർ അക്കൌണ്ട് B-4ഷെഡ്യൂൾ പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് 914400/-രൂപയാണ്. എന്നാൽ B-17 പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ്
28191/-രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ പ്രസ്തുത നീക്കിയിരിപ്പ് സാധൂകരിക്കേണ്ട രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4.അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ B-18 Schedule പ്രകാരമുള്ള തുകകൾ പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

5.Rp-10-ൽ 7812/-രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക ഏത് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക പ്രകാരമാണ് അടവാക്കിയതെന്ന ആധികാരിക വിവരം ലഭ്യമാക്കിയിട്ടില്ല.

6.ILGMS മുഖേനയാണ് 2021-22 ലെ AFS തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ 2020-21 വർഷത്തെ AFS-ലെ ഭൂരിഭാഗം ഹെഡ്കോഡിലെ തുകകൾ 2021-22- ൽ അതെ ഹെഡ്കോഡുകളിൽ ഉൾപ്പെടുത്താതെ വ്യത്യസ്ത ഹെഡ്കോഡുകളിൽ ചേർത്തിരിക്കുന്നു. ഹെഡ് കോഡുകൾ പുതിയതായി ഉൾപ്പെടുത്തിയതിന്റെയും മാറ്റം വരുത്തിയതിന്റെയും ആധികാരികത വ്യക്തമാക്കേണ്ടതാണ്.

ഉദാഹരണമായി 2020-21-ലെ AFS-ലെ B-17-ലെ ഹെഡ് കോഡുകൾ 2021-22 വർഷത്തിലെ AFS-ലെ RP-40(a)-ൽ വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്നു.

| 2020-21 Afs-ലെ ഹൈഡ് കോഡ്,ഇനം | തുക | 2021-22 Afs-ലെ ഹൈഡ് കോഡ്,ഇനം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 450610101,MGNREGS | 53569/- | 450210101,MGNREGS | 53569/- |
| 450210102,Own FUND | 43149/- | 450210101,Own FUND | 43149/- |
| 450210103,SBI-E.Payment | 209986/- | 450210101,SBI-E.Payment | 209986/- |
| 450230101, ANAD Farmers Bank | 1405/- | 450210102,ANAD Farmers Bank | 1405/- |
| 450250102,Treaury -Own Fund | 810006/- | 450210104,Treaury -Own Fund | 810006/- |
| 450650109,TSB-Joint Venture | 129327/- | 450210201,TSB-Joint Venture | 129327/- |

7.AFS പ്രകാരം MGNREGS വരവ് RP-13 പ്രകാരം 921948/-രൂപയാണ്. ക്യാഷ് ബുക്ക് പ്രകാരം942261/-രൂപയും ആണ്. വ്യത്യാസം-20313/-രൂപ വിശദീകരിക്കേണ്ടതാണ്.

8.AFS-ൽ MGNREGS ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക് പ്രകാരം ചെലവ് 974244/- രൂപയാണ്.

9.320800101 ഹെഡ്കോഡിൽ (Bഷെഡ്യൂൾ) പ്രകാരം Beneficiery Contribution ഇനത്തിൽ 479701/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും തുക സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

10.2021-22 വർഷത്തിൽ ഡെപോസിറ്റ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11.റോഡ് കട്ടിംഗ് ഇനത്തിലെ തുകയുടെ വിശദാംശങ്ങൾ ഉൾപ്പെട്ട ഫയൽ ലഭ്യമാക്കേണ്ടതാണ്.

12.350200111 ഹെഡ്കോഡിൽ കോ.ഓപ്പറേറ്റീവ് സൊസെറ്റീസ് ഇനത്തിൽ 2020-21 വർഷത്തിലും 2021-22 വർഷത്തിലും 4000/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതിനുള്ള കാരണം ലഭ്യമാക്കേണ്ടതാണ്.

13.2020-21 AFS-പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 7165000/-രൂപ നിലനിൽക്കുന്നു. 2021-22 വർഷത്തിൽ പ്രോജക്ട് 191/22 പ്രകാരം 101329/-രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകി. (ആകെ-7266329/-)

2021-22 വർഷത്തിലെ B-18-ൽ 7152321/- രൂപ ബാക്കി നിലനിൽക്കുന്നു. 114008/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

14.2021-22വർഷത്തിലെ B-18-ൽ (460500501)advance To Implementimg Officers ഇനത്തിൽ 1101901/-രൂപയും Advance To Others (460509901) ഇനത്തിൽ 1160921/-രൂപയും ബാലൻസ് നിലനിൽക്കുന്നു. പ്രസ്തുത തുകകൾ റീക്കപ്പ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

15.2020-21-ലെ AFS-B-18 പ്രകാരം (460100199)other Advance ഇനത്തിൽ 6280/-രൂപ നിലനിൽക്കുന്നു. പ്രസ്തുത തുക 2021-22 വർഷത്തിലെ B-18-ലും നിലനിൽക്കുന്നു. പ്രസ്തുത തുക റീക്കപ്പ് ചെയ്യാതെ അവശേഷിക്കുന്നു.

16.ലോൺ രജിസ്റ്റർ ,തൊഴിൽ നികുതി രജിസ്റ്റർ, ലേലരജിസ്റ്റർ എന്നിവ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

17.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 3 വർഷം കാലാവധി കഴിഞ്ഞ തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാത്തതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

18.വാടക രജിസ്റ്റർ പ്രകാരം 528/-രൂപ ലഭിക്കാനുണ്ട് . എന്നാൽ പ്രസ്തുത തുക AFS-ൽ ചേർത്തിട്ടില്ല.

19.റെസീപ്റ്റ്& പേമെന്റ് ഷെഡ്യൂൾ RP 45-ൽ വസ്തുനികുതി-കറന്റ് (റെസിഡൻഷ്യൽ-1054702/-+ നോൺ റെസിഡൻഷ്യൽ 925253/-ഉൾപ്പടെ) 1980225/-രൂപയാണ്. എന്നാൽ D.C.B സ്റ്റേറ്റ്മെന്റ് പ്രകാരം 2026303/-രൂപയാണ്. 46078/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

20.ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

21. അന്വേഷണകുറിപ്പ് 13/23-ന് പഞ്ചായത്ത് എ.ഇ. നൽകിയ മറുപടിയിൽ ഇ.ടെണ്ടർ ഇനത്തിൽ 2021-23. സാമ്പത്തികവർഷത്തിൽ 111299/-രൂപ ലഭിച്ചതായി അറിയിച്ചു. എന്നാൽ പ്രസ്തുത തുക വാർഷികകണക്കുകളിൽ ഉൾപ്പെടിത്തിയിട്ടില്ല.

22.ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ്ഷീറ്റ് B-14 Stock In Hand(inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല.

23.വാർഷിക ധനകാര്യ പത്രികയിലെ B-17-യിൽ ആനാട് ഫാർമേഴ്സ് SCB യിൽ നീക്കിയിരിപ്പായി 12177/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം 30/9/2022-ൽ 1462/-രൂപ മാത്രം ബാലൻസ്

രേഖപ്പെടുത്തിയിരിക്കുന്നു.

24.AFS-ലെ ചെലവ് തുകകളും ACR-ലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | AFSപ്രകാരം | ACRപ്രകാരം |
|---|---|---|
| Development Fund-general | 6376902/- | 10036263/- |
| Development Fund-TSP | 278890/- | 356141/- |
| Development-SCP | 2645770/- | 2997218/- |
| Development -CFC Grant-basic Grant | 526826/- | 2506013/- |
| Development Fund-CFC | 1478148/- | 5714718/- |
| ROAD ASSETS | 6705130/- | 8505208/- |
| Non Road Assets | 6057856/- | 6743723/- |
| General Purposefund | 10902000/- | 2118684/- |

മേൽ വിവരിച്ച വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10036263 | 10036263 | 10036263 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4589730 | 4589730 | 2997218 | 1592512 |
| വികസനഫണ്ട് Development Fund .TSP | O | 356141 | 356141 | 356141 | 0 |
| വികസനഫണ്ട്(C.F.C) Untied | 0 | 3753928 | 3753928 | 2506013 | 1247915 |
| വികസനഫണ്ട്(C.F.C) Tied | 0 | 7128532 | 7128532 | 5714718 | 1413814 |
| Maintenance Fund Road | 0 | 18701000 | 18701000 | 8505208 | 10195792 |
| Maintenance Fund Non-Road | 0 | 7041229 | 7041229 | 6743723 | 297506 |
| Traditional Functions Fund | 0 | 10923147 | 10923147 | 2118684 | 8804463 |

1) വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ചെലവ് തുക |
|---|---|

| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 10036263/- | 15425000/- |
| വികസന ഫണ്ട് (എസ്.സി.പി) | 2997218/- | 3631971/- |
| വികസന ഫണ്ട് (ടി.എസ്.പി) | 356141/- | 323000 |

2) പട്ടികജാതി ഉപദ്ധതി വിഹിതം പാഴായി.

29.01.2018-ലെ, സ ഉ നം 11/2018/തസ്വഭവ പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 6.1(1)-ൽ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കുവാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല.എന്നാൽ തൻവർഷം 957759/- ചെലവഴിക്കാതെ പാഴായി.ആയതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3) 29.01.2018-ലെ, സ ഉ നം 11/2018/തസ്വഭവ പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 7.1(1)-ൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പാഴാക്കുവാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല.എന്നാൽ തൻവർഷം 515710/-രൂപ ചെലവഴിക്കാതെ പാഴായി.ആയതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4) ഉല്പാദന, സേവന, പശ്ചാത്തല, വനിതാഘടക പദ്ധതി മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 3773053 | 3132811 | |
| | സേവനം | 14655017 | 12192189 | |
| | പശ്ചാത്തലം | 149000 | 100000 | |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 540000 | 108000 | |
| | സേവനം | 4345500 | 2991269 | |
| | പശ്ചാത്തലം | 578466 | 532702 | |
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 240279 | 82710 | |
| | ഉല്പാദനം | 252000 | 240290 | |
| ധനകാര്യകമ്മീഷൻ | ഉല്പാദനം | 2291296 | 2265728 | |
| | സേവനം | 6634082 | 4346084 | |
| | പശ്ചാത്തലം | 3093082 | 1586999 | |

5) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്.30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 2. | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 914400 |
| 3. | 320700404 | ബ്ലോക്ക് പഞ്ചായത്ത് | 25000/- |

മേൽ വിവരിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പുകൾക്ക് മറുപടികളും,രേഖകളും ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയുടെ കൃത്യത ഉറപ്പുവരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട മറുപടികളും രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | | |
|---|---|---|---|---|---|---|---|
| | | അംഗീകാരം | അടങ്കൽ | ചെലവ് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം |
| I | കൃഷി ഓഫീസർ | 10 | 1813581 | 1196588 | 10 | 0 | 100% |
| Ii | വെറ്റിനറി സർജൻ | 8 | 5448000 | 1839505 | 8 | 0 | 100% |
| Iii | മെഡിക്കൽ ഓഫീസർ - PHC | 14 | 6214372 | 5766931 | 14 | 0 | 100% |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 5 | 1208000 | 1197859 | 5 | 0 | 100% |
| V | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 127030364 | 15971925 | 9 | 7 | 56% |
| Vi | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 5489940 | 4221177 | 10 | - | 100% |
| Vii | സെക്രട്ടറി | 39 | 13627862 | 10793495 | 29 | 10 | 74% |
| Viii | അസിസ്റ്റന്റ് എഞ്ചിനീയർ | 67 | 32466162 | 14577156 | 34 | 33 | 50% |
| Ix | എച്ച്.എം. | 11 | 2202150 | 1688274 | 10 | 1 | 91% |
| X | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2705440 | 2702470 | 3 | - | 100% |
| Xi | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 1174818 | 159786 | 3 | | 100% |
| ആകെ | | 186 | 199380689 | 60115166 | 135 | 51 | 30% |

1) സെക്രട്ടറി അംഗീകാരം വാങ്ങിയ 39 പ്രോജക്ടുകളിൽ 29 എണ്ണം മാത്രമാണ് നടപ്പാക്കിയത്. കോവിഡ് സാഹചര്യവും ഫണ്ടിന്റെ അപര്യാപ്തതയും മറ്റുമാണ് പ്രോജക്ടുകൾ നടപ്പാക്കാത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്.

2)അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 67 മരാമത്ത് പ്രവൃത്തികളിൽ 34 എണ്ണം മാത്രമെ തൻവർഷം നടപ്പാക്കിയിട്ടുള്ളൂ.

3)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ പ്രോജക്ടുകൾ തൻ വർഷം നടപ്പാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിനായി വകയിരുത്തിയിരുന്ന തനത് ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണ് പ്രോജക്ട് നടപ്പാക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സാമ്പത്തിക ലഭ്യതയും പ്രായോഗികതയും കണക്കിലെടുത്ത് മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്.

4)പദ്ധതി ആസൂത്രണം

(എ)ആസൂത്രണ സമിതി

1) 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

2) ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3) വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും

നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടേണ്ടതുണ്ട്.

എ)ഗ്രാമപഞ്ചായത്തിലെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയതായി കാണുന്നില്ല

ബി) ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും നടപ്പാക്കി വരുന്ന പ്രോജക്ടുകൾ നിർദ്ദേശിക്കുകയല്ലാതെ ക്രിയാത്മകമായ ചർച്ച നടത്തിയതായി കാണുന്നില്ല.
വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തൻവർഷം പരിഷ്കരിച്ചിട്ടുണ്ട്.

## 1-5 ക്ഷേമ പെൻഷൻ -

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക<br>(വാർഷിക ധനകാര്യപത്രിക പ്രകാരം) |
|---|---|
| തൊഴിൽ രഹിത വേതനം | ० |
| കർഷക തൊഴിലാളി പെൻഷൻ | 8775200 |
| വിധവാ പെൻഷൻ | 19475600 |
| വാർദ്ധക്യ കാല പെൻഷൻ | 29074500 |
| വികലാംഗ പെൻഷൻ. | 4715400 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 465200 |

## 1-6 ക്യാഷ് ബാലൻസ്.

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.03.2023 തീയതിയിൽ 11.10AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1922/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഡിറ്റ് കാലയളവിൽ ഐ.എൽ. ജി.എം.എസ്. സംവിധാനം 06.11.2021 നാണ് പഞ്ചായത്തിൽ തുടങ്ങിയത്. പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയതിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കേണ്ടതുണ്ട്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2023 ൽ പൗരാവകാശരേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ISO സർട്ടിഫിക്കേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5) മരണപ്പെട്ടവരുടെ പെൻഷൻ തുക നല്കുന്നത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുണ്ട്.
6) ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതും ആസ്തി സംരക്ഷണത്തിന് സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
7)വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യുയർമെന്റ് മാർഗ്ഗരേഖ, സ്റ്റോർ പർച്ചേസ് മാന്വൽ 2003 എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 53569 | 921948 | 975517 | 953931 | 21586 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 63993143 | 63993143 | 63993143 | - |
| | 53569 | 64915091 | 64968660 | 64947074 | 21586 |

വാർഷിക ധനകാര്യപത്രികയിൽ RP ഷെഡ്യൂളിൽ ഭരണച്ചെലവ് തുക ചേർത്തിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| സി.എ.ജി.ഓഡിറ്റ് | 30/11/22 | 01/04/2016 മുതൽ 31/11/22 വരെ |

## 1-10 വസ്തു നികുതി നിർണയിച്ചു സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും)ചട്ടങ്ങൾ,ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയംമൂലം നിശ്ചയിച്ച് ആയതതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14-01-2011- ലെ സ.ഉ(അ)നം.19/2011/തസ്വഭവ(എസ്.ആർ.ഒ.നം.36/2011)പ്രകാരം ഒരു ചതുരശ്രമീറ്റർ വിസ്തീർണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ പരിധി നിശ്ചയിച്ചിരുന്നു.ഇതിൽ 24/2/2015-ലെ സ.ഉ.(അ)നം.36/2015/തസ്വഭവ(എസ്.ആർ.ഒ നമ്പർ.100/2015),8/09/2020-ലെ സ.ഉ.(അ)നം.53/2020 /തസ്വഭവ(എസ്.ആർ.ഒ.നമ്പർ 575/2020) എന്നിവ പ്രകാരം ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച് സഞ്ചയ സേഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമനം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | റെസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |
| 2 | സ്വകാര്യ ഹോസ്റ്റൽ,ഹോംസ്റ്റേ | 30 | 60 |
| 3 | എം.എസ്.എം.ഇ. വികസന ആക്റ്റ്പ്രകാരം രജിസ്റ്റർ ചെയ്ത് വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |

മേൽ ഉപയോഗക്രമങ്ങളുടെ വസ്തുനികുതി നിരക്കുകൾ നിശ്ചിച്ച് സഞ്ചയസോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 5/2023- ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് അനുസരിച്ച് വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തേണ്ടേത് ഭരണസമിതിയുടെ കർത്തവ്യം ആയതിനാൽ മേൽ വിവരിച്ച ഉപയോഗക്രമങ്ങളുടെ നിരക്കുകൾ നിശ്ചിയിച്ച് പ്രസിദ്ധപ്പെടുത്തി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-11 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

വ്യവസായങ്ങൾക്കു ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻകടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി

അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽ അധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്ഥീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തിയതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 2/23-ന് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 11 റേഷൻകടകൾ പ്രവർത്തിക്കുന്നതായും ,പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകിയിട്ടും അടവാക്കാത്തതിനാൽ താലൂക്ക് സപ്ലൈ ആഫീസർക്ക് 28/12/2022-ലെ എ5/19/2019 നമ്പർ കത്ത് നൽകിയെങ്കിലും തുടർനടപടി അറിയിച്ചിട്ടില്ലായെന്ന് അറിയിച്ചു. പ്രസ്തുത വിഷയം ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് തല ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല -തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ട പ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തരധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിയിൽനിന്ന് സംഭാവനകൾ സ്ഥീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന എന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പ് 4/2023-ന് നൽകിയ മറുപടിയിൽ അടുത്ത കമ്മിറ്റിയിൽ പ്രസ്തുത വിഷയം അജണ്ടയായി ഉൾപ്പെടുത്തി ദുരിതാശ്വാസ നിധി രൂപീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്തീരാജ് ചട്ടങ്ങളിൽ വിവരിക്കുന്നവിധം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലായെന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടിക്കാണിച്ചിട്ടും പ്രസ്തുത നിധി രൂപീകരിക്കാത്തത് പഞ്ചായത്തിന്റെ അലംഭാവമായി കരുതുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാൻ പഞ്ചായത്ത് ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന വെബ് സെറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെവിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ,തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ)എല്ലാത്തരം വാഹനങ്ങൾ,ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾപ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 17/23- ന് മറുപടി മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലേയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്ഥീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം

ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട് ഭരണസമിതി എടുത്ത താഴെപ്പറയുന്ന തീരുമാനങ്ങളുടെ തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല.

1) 17.04.2021 തീയതിയിലെ 5(1)-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം കിള്ളിയാർ മിഷന്റെ ഭാഗമായി നവീകരിച്ച് വീതികൂട്ടിയ കല്ലിയോട് തയ്ക്കാപ്പള്ളി-അരിക്കോട്-ഇടവട്ടം തോടിന്റെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തികൊണ്ട്

സ്വകാര്യവ്യക്തിയുടെ പുരയിടം സംരക്ഷിക്കുന്നതിനായി തോടിന്റെ പകുതിയോളം കയ്യേറിയെന്ന പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എൽ.എസ്.ജി.ഡി. എ.ഇയെ ചുമതലപ്പെടുത്തിയിരുന്നു.

2) 25.10.2021 തീയതിയിലെ 28(1)-ാം നമ്പർ തീരുമാന പ്രകാരം വെള്ളാഞ്ചിറ കേന്ദ്രമായി കളിസ്ഥലം നിർമ്മിക്കുന്നതിന് വാങ്ങിയ ഒരേക്കർ സ്ഥലം നിലവിൽ പലരും കൈയേറിയതായും, സ്വകാര്യവ്യക്തികൾ സ്വകാര്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായും കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം അളന്ന് അതിരുകൾ കൃത്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് നെടുമങ്ങാട് താലൂക്ക് സർവ്വേയറുടെ സഹായം തേടുന്നതിനും തീരുമാനിച്ചു.
മേൽ തീരുമാനങ്ങളിൽ മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരവും, നിലവിലെ അവസ്ഥയും ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-24/25.02.2023-ന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഭൂരഹിത ഭവനരഹിതരായ പട്ടിക ജാതി വിഭാഗക്കാർക്ക് വസ്തു വാങ്ങിയത് -പ്രമാണങ്ങൾ കൈമാറൽ

ഭരണസമിതിയുടെ 25.10.2021 തീയതിയിലെ 27(1)-ാം നമ്പർ തീരുമാന പ്രകാരം 1997-98 സാമ്പത്തിക വർഷം ഭൂരഹിത ഭവനരഹിതരായ പട്ടിക ജാതി വിഭാഗക്കാർക്ക് വസ്തു വാങ്ങി വീട് നിർമ്മിച്ച് നൽകുന്നതിനായി പനവൂർ വില്ലേജിൽ ബി-19 ൽ ഉൾപ്പെട്ട 24/11 നമ്പർ സർവ്വേയിൽപ്പെട്ട 24.70 ആർ പുരയിടം വലിയ കൊങ്ങണംകോട് എന്ന സ്ഥലത്ത് വാങ്ങി കെട്ടിടം നിർമ്മിച്ച് 12 പട്ടികജാതി കുടുംബങ്ങൾക്ക് നൽകിയിരുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ 03.03.1998 തീയതിയിലെ 17-ാം നമ്പർ തീരുമാനപ്രകാരം ടി വസ്തു 12 കുടുംബങ്ങൾക്ക് നൽകിയതായി കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. എന്നാൽ ഇവർക്ക് എഴുതി നൽകിയിരുന്ന പ്രമാണങ്ങൾ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിരുന്നുവെങ്കിലും നിലവിൽ പഞ്ചായത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് ടി വസ്തു പോക്ക് വരവ് ചെയ്ത് കരം തീർത്ത് നൽകിയിട്ടുണ്ടോയെന്ന് അറിയാൻ കഴിയാത്ത സാഹചര്യത്തിൽ ടി സർവ്വേയിൽ ഉൽപ്പെട്ട വസ്തു ഇപ്പോഴും സെക്രട്ടറിയുടെ പേരിലാണോ, ഗുണഭോക്താക്കളുടെ പേരിലാണോ എന്നതിനെക്കുറിച്ച് വ്യക്ത വരുത്തുന്നതിന് വേണ്ടി രേഖകൾ ലഭ്യമാക്കുന്നതിന് പനവൂർ വില്ലേജ് ഓഫീസർക്ക് കത്ത് നൽകുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. തുടർനടപടികളുടെ വിവരവും, നിലവിലെ അവസ്ഥയും ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-24/25.02.2023-ന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 സുഭിക്ഷ കേരളം പ്രോജക്ടുകൾ- പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ

സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ വീട്ടു വളപ്പിൽ മത്സ്യ കൃഷി നടത്തുന്നതിനായി 3 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.2 എണ്ണം സ്പിൽ ഓവർ പ്രോജക്ടാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | വികസന ഫണ്ട് | ഗ്രാമ പഞ്ചായത്ത് വിഹിതം | സംസ്ഥാന വിഷ്കതം | മറ്റു ഫണ്ടുകൾ | ആകെ |
|---|---|---|---|---|---|
| 183/22(so)-വീട്ടു വളപ്പിലെ പ്രകൃതിദത്ത കളങ്ങളിലെമത്സ്യകൃഷി | 61440/ 27168(ബിൽനം ന.3/22) | Nil | 98400/ Nil | 239760/ഗുണഭോക്തൃ വിഹിതം നേരിട്ട് | 30880/ |
| 173/22(SO)-വീട്ടു വളപ്പിൽ പട്ടുതകളങ്ങളിൽ മത്സ്യകൃഷി | 101738 ബിൽനം 2/12.10.21 | Nil | 65600 | 295200 | 101738 |
| 183/22(new)--വീട്ടു വളപ്പിൽ പ്രകൃതി ദത്തകളങ്ങളിൽ മത്സ്യകൃഷി | 61440യ27168/ ബിൽ നം 1/12.10.21 | Nil | 98400/ | 239760/ | 27168/ |

സുഭിക്ഷ കേരളം പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല.

2) ക്യാഷ് ബുക്ക്,പ്രോജക്ട് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

3) ഫിഷറീസ് വകുപ്പിൽ നിന്നും കിട്ടേണ്ട വിഹിതം (സംസ്ഥാനാവിഷ്കൃത ഫണ്ട്) ഗുണഭോക്താക്കൾക്ക് കിട്ടിയിട്ടില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി – ഫയൽ രേഖകൾ പ്രകാരമുള്ള ഭൂവിസ്തൃതിക്ക് അധിക തുക അനുവദിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 106/2022 |
| പേര് | പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി |
| അടങ്കൽ | 85000വികസനഫണ്ട് (പൊ.വി) |
| ചെലവ് | രൂ.85000/- |
| ബിൽ നം. | ബിൽ നം. 09/2021-22 തീയതി 21.01.2022 രൂ.53040/-<br>ബിൽ നം. 15/2021-22 തീയതി 26.02.2022 രൂ.31960/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് കൂലി ചെലവായി ഒരു ഹെക്ടറിന് രൂ.17000/- വരെ ധനസഹായം അനുവദിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഒരു ഹെക്ടറിൽ കുറവു കൃഷിഭൂമി ഉള്ളവരുടെ കാര്യത്തിൽ തുക ആനുപാതികമായി കുറവു ചെയ്താണ് കൂലി ചെലവ് അനുവദിക്കേണ്ടത്. മേൽ പദ്ധതി പ്രകാരം 37 ഗുണഭോക്താക്കൾക്ക് വിവിധ നിരക്കുകളിലായി ആകെ 85000/- രൂപ കൂലി ചെലവായി അനുവദിച്ചിട്ടുണ്ട്. ആയതിൽ ചുവടെ പറയുന്ന കർഷകർക്ക് ഭൂവിസ്തൃതി പ്രകാരം അനുവദനീയമായതിലും അധികമായി തുക അനുവദിച്ചിരിക്കുന്നു.

| ക്രമ നം. | പേര്/ ആധാർ നം. | കരം ഒടുക്ക് പ്രകാരമുള്ള കൃഷിഭൂമി വിസ്തൃതി | അനുവദ നീയമായ തുക | അനുവദിച്ച തുക | അധികമായി അനുവദിച്ച തുക (രൂപ) | റിമാ. |
|---|---|---|---|---|---|---|
| 1. | ശ്രീ. കെ.തങ്കരാജൻ/47529 5475177 | 41.8ആർ | 7100 | 10200 | 3100 | പാട്ടക്കരാർകൃഷി |
| 2. | ശ്രീ. ശ്രീകുമാർ എസ് /32108662 9483 | 13.35ആർ | 2270 | 5440 | 3170 | പാട്ടക്കരാർ കൃഷി |
| 3. | ശ്രീ.ഭുവനചന്ദ്രൻ നായർ.എസ്/ 446239383373 | 4ആർ | 680 | 1360 | 680 | ഉടമ |
| | | ആകെ | 10050 | 17000 | 6950 | |

അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതിലെ അപാകത സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ -06/2021-22തീയതി 22.02.2023) മറുപടിയോടോപ്പം മാത്രമാണ് കൂലിച്ചെലവിനാധാരമായ അധിക കരം ഒടുക്കുരേഖകൾ/പാട്ടച്ചീട്ടുകൾ ഹാജരാക്കിയത്.ഇത് ശരിയായ നടപടിക്രമമല്ല. ഭാവിയിൽ അപേക്ഷ സ്വീകരിക്കുന്ന വേളയിൽ തന്നെ ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഭൂരേഖകൾക്കാനുപാതികമായി ആനുകൂല്യത്തുക പരിമിതപ്പെടുത്തേണ്ടതുമാണ്.

1-18 ജലശ്രീ കിണർ റീ-ചാർജ്ജിംഗ് ,അധികമായി അനുവദിച്ച സബ്സിഡി രൂ.125500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 127/2022 |
| പേര് | ജലശ്രീ കിണർ റീ-ചാർജ്ജിംഗ് |
| അടങ്കൽ | 2159200/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | രൂ.2158600/- |
| ബിൽ നം. | 192/2021-22(എ.സി.ആർ) തീയതി 14.12.2021 രൂ.1702800/-(198 എണ്ണത്തിന്)<br>281/2021-22(എ.സി.ആർ) തീയതി 09.02.2022 രൂ.412800/-(48 എണ്ണത്തിന്)<br>338/2021-22(എ.സി.ആർ) തീയതി 17.03.2022 രൂ.43000/-(5 എണ്ണത്തിന്) |
| നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) | വി.ഇ.ഒ.II |

ഗ്രാമപഞ്ചായത്തിലെ കിണറുകളിൽ ജല ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായാണ് റീചാർജ്ജിംഗ് എന്ന മേൽ പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം ചരിഞ്ഞമേൽക്കൂരകൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുകയായ 8600/-രൂപ വീതമാണ് ആകെയുള്ള 251 ഗുണഭോക്താക്കൾക്കും അനുവദിച്ചിരിക്കുന്നത്. എന്നാൽ റീ-ചാർജ്ജിംഗ് സംവിധാനം ചരിഞ്ഞമേൽക്കൂരയിലാണ് സ്ഥാപിച്ചതെന്നതിനുള്ള തെളിവുകളോ ചിത്രങ്ങളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (ഖ.6.5 ക്രമ നം.5) നിബന്ധനപ്രകാരം കിണർ-റീചാർജ്ജിംഗ് പൊതുവിഭാഗത്തിന്റെ കാര്യത്തിൽ ആനുകൂല്യതുക സാങ്കേതിക വിഭാഗം നൽകുന്ന Valuation Certificate-ന്റെ 90%-ൽ പരിമിതപ്പെടുത്തേണ്ടതുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും LSGD വിഭാഗത്തിൽ നിന്നും 251 ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ 9000/-രൂപയുടെ വാല്യുവേഷനാണ് നൽകിയിരിക്കുന്നത്. ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് 8100/- (90% Of 9000/-) രൂപ വീതം 2033100/- രൂപ അനുവദിക്കേണ്ടതിനു പകരം ഒരു ഗുണഭോക്താവിന് 8600/- നിരക്കിൽ ആകെയുള്ള 251 ഗുണഭോക്താക്കൾക്കായി 2158600/- രൂപ സബ്സിഡിയിനത്തിൽ ദീപം ചാരിറ്റബിൾ സൊസൈറ്റി, ചുള്ളിമാനൂർ (A/c852210110008160@BKID0008522)എന്ന സ്ഥാപനത്തിന് കൈമാറിയിരിക്കുന്നു. ഇപ്രകാരം 125500/- രൂപയുടെ അധികച്ചെലവ് പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായതിലുള്ള അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 19/2021-22തീയതി : 23.02.2023) അധികമായി അനുവദിച്ച തുക സ്ഥാപനത്തിൽ (ദീപം ചാരിറ്റബിൾ സൊസൈറ്റി, ചുള്ളിമാനൂർ) നിന്നും ഈടാക്കി തിരികെ ഒടുക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി തുക സ്ഥാപനത്തിൽ നിന്നും അടിയന്തിരമായി തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. തുകയുടെ തിരികെ ഒടുക്ക വിവരം ലഭ്യമാകുന്നതുവരെ അധികമായി അനുവദിച്ച സബ്സിഡിത്തുകയായ രൂപ 125500/- ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

1-19 തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ റീ ചാർജിംഗ് പ്രവർത്തികൾ-നടപ്പിലാക്കേണ്ടതാണ്.

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക

കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) 161/16 ത.സ്വ.ഭ.വ തി. 9.11.16 പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. വേനൽകാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ ജലസുരക്ഷാ പദ്ധതിക്ക് ഏറെ പ്രാധാന്യമുണ്ട്. ഗ്രാമപഞ്ചായത്തിലെ നല്ലൊരു ഭാഗം കിണറുകളും വരൾച്ചയുടെ വ്യതിയാനമനുസരിച്ച് വേനൽകാലത്ത് വറ്റിപ്പോകാറുണ്ട്. കൂടാതെ കുടിവെള്ള വിതരണത്തിന് ഗ്രാമപഞ്ചായത്ത് നല്ലൊരു തുക ചെലവഴിക്കേണ്ടതായും വരുന്നുണ്ട്. കിണർ റിചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിതമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-20 എ.ബി.സി പ്രോഗ്രാം - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല രൂ.105000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 31/2021-22 |
| പേര് | എ.ബി.സി പ്രോഗ്രാം |
| അടങ്കൽ | രൂ.105000/-(വികസനഫണ്ട് ) |
| ചെലവ് | 105000/-(വി.ഫ) |
| ബിൽ നം | ബിൽ നം.02/2021-22 Dtd 28.06.2021<br>RS.105000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |

എ.ബി.സി പ്രോജക്റ്റിനായി കുടുംബശ്രീ ജില്ലാമിഷൻ കോഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (A/C No.3793472026@CBIN0281283) 105000/- രൂപ 28.06.2021 ന് കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗത്തിനുള്ള രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 21.02.2023 ലെ 03/2021-22 നംപർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കോടതി സ്റ്റേ നിലനിൽക്കുന്നതിനാൽ കുടുംബശ്രീ ജില്ലാമിഷൻ തുക വിനിയോഗിച്ചിട്ടില്ലെന്നും തുക തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കൈമാറിയ തുക തിരികെ ലഭ്യമാകുന്നതുവരെ രൂപ 105000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നായ്ക്കളുടെ പ്രജനനനിയന്ത്രണം നടപ്പാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

## 1-21 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- തുക തടസ്സം ചെയ്യുന്നു-270872/ രൂപ

| ക്രമനമ്പർ | പ്രോജക്ട്നം/പേര് | ചെലവ് തുക | ബിൽ നം,തിയതി | - |
|---|---|---|---|---|
| 1. | S0004/229 ഐ.കെ.എമ്മിന് വിഹിതം നല്കൽ ) | 69543 | 22/8.10.21 | Finance Officer,TVm |
| 2. | S0100/22(സെക്രട്ടറിയേറ്റ് മന്ദിരനിർമ്മാണം ) | 100000 | 23/25.10.21 | Dist.planning Officer |
| 3. | S0199/22(ഘടക സ്ഥാപനങ്ങൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ സ്ഥാപിക്കൽ ) | 101329 | 30/6.2.22 | KWA, Aruvikkara |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അമൃതം ന്യൂട്രിമിക്സ് ലാബ് ടെസ്റ്റ് നടത്തിയിട്ടില്ല

22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലാബ് ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-21/25.02.2023-ന് നൽകിയ മറുപടിയോടൊപ്പം 04/22-ലെ ലാബ് റിപ്പോർട്ടാണ് ഹാജരാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശാനുസരണം അമൃതം ന്യൂട്രിമിക്സ് ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തേണ്ടതാണ്.

## 1-23 ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-14/23.02.23-ന് ലഭ്യമാക്കിയ മറുപടിയിൽ ആസ്തിപരിപാലനകമ്മിറ്റി രൂപീകരിച്ചിട്ടില്ലായെന്നും സർക്കുലറിലെ നിർദ്ദേശാനുസരണം കമ്മിറ്റി രൂപീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനും ആസ്തി പരിപാലന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

## 1-24 ഇ-ടെൻഡർ ഫീസിനത്തിൽ ലഭ്യമായ തുക തിരികെ ഈടാക്കിയില്ല

2021-22 വർഷം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റായ തുകകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം നം-13/21.02.23-ന് ലഭ്യമാക്കിയ മറുപടി പ്രകാരം 1,11,299/- രൂപ ടെണ്ടർ ഫീസായി ലഭ്യമായിട്ടുണ്ട്.

ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിക്കുവാനുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല.

ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു. ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|---|
| 1 | 167/22 | ടേക്ക് എ ബ്രേക്ക് | കേന്ദ്രാവിഷ്കൃത ഫണ്ട് | 62684 | 0 |
| 2. | 162/22 | കിള്ളിയാർ മിഷൻ രണ്ടാംഘട്ടം- പനവൂർ ജംഗ്ഷനിലെ തോടുകൾ ശുചീകരണം | തനത്ഫണ്ട് | 49000 | 0 |

| | | | | | |
|---|---|---|---|---|---|
| 3. | 163/22 | പുല്ലാമല ആറ്റിൻപുറം കോളനി റോഡ്നിർമ്മാണം | തനത്ഫണ്ട് | 49000 | 0 |
| 4. | 166/22 | ആർ.എസ്.പുരം പടിഞ്ഞാറ്റിൻകര റോഡ് | വികസനഫണ്ട്(ജനറൽ) | 49000 | 0 |
| 5. | 149/22 | മുളമ്മൂട് മരമറ്റത്തകോൺ റോഡ് സൈഡ് വാൾ ,സ്ലാബ് | മെയിന്റനൻസ് ഫണ്ട് റോഡ് | 669599 | 0 |
| 6 | 153/22 | ആട്ടുകാൽ-കുന്നപുരം നടപ്പാത സംരക്ഷണഭിത്തി | മെയിന്റനൻസ് ഫണ്ട് റോഡ് | 180000 | 0 |
| 7. | 155/22 | വളമൂഴി-പാമ്പാടി റോഡ് നടപ്പാലവും സംരക്ഷണഭിത്തി നിർമ്മാണവും | ധനകാര്യകമ്മിഷൻ അവാർഡ് | 55793 | 0 |
| 8 | 156/22 | പനവൂർ എൽ.പി.എസ് കെട്ടിടം പെയിന്റിംഗ്, മെയിന്റനൻസ് | തനത്ഫണ്ട് | 283000 | 0 |
| 9 | 157/22 | മാടൻപാറ ചുള്ളാളം റോഡ് റീ- | മെയിന്റനൻസ് ഫണ്ട് | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | | ടാറിംഗ് | റോഡ് | | |
| 10 | 158/22 | മാമൂട് പട്ടികവർഗ്ഗ സങ്കേതത്തിൽ സാംസ്കാരിക നിലയം നിർമ്മിക്കൽ(ബ്ലോക്ക് പഞ്ചായത്തുമായുള്ള സംയുക്ത പദ്ധതി) | ടി.എസ്.പി, ബ്ലോക്ക് പഞ്ചായത്ത് | 949007 | 0 |
| 11. | 159/22 | കളക്ടേഴ്സ് അറ്റ് സ്കൂൾ | കേന്ദ്രാവിഷ്കൃത ഫണ്ട് | 106000 | 0 |
| 12 | 160/22 | ആയുർവേദാശുപത്രിയിൽഗേറ്റ്-നെയിംബോർഡ് സ്ഥാപിക്കൽ | തനത്ഫണ്ട്,മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 93000 | 0 |
| 13. | 161/22 | മീന്നിലം ഇടവഴി കോൺക്രീറ്റ് | ധനകാര്യകമ്മിഷൻ അവാർഡ് | 3985 | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-12/23.02.2023-ന് മറുപടി ലഭ്യമാക്കിയില്ല. ഏറ്റെടുക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾ ഏറ്റെടുക്കുന്ന വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ഇ.എം.ഡി പഞ്ചായത്ത്ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കരുക്കുഴി നെല്ലിക്കുന്ന് ചെവിടംപാറ ടാർറോഡ് നവീകരണം |
| പ്രോജക്ട് നം | 65/22 |

| | |
|---|---|
| അടങ്കൽ തുക | 589366 |
| ചെലവ് തുക | 589366 |
| ബിൽ നം-/തീയതി | 25/21-22 തീയതി 31.03.22 |

പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിനായി റീ ഇ-ടെണ്ടർചെയ്യുകയും രണ്ട് കരാറുകാർ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു. അതിൽ സുബിൻ.ബി.എസ് എന്ന കരാറുകാരൻ 24.67% കുറഞ്ഞ നിരക്കിലും, ഹാഷിം എന്ന കരാറുകാരൻ 0.32% കുറഞ്ഞ നിരക്കിലും ക്വാട്ട് ചെയ്തിരുന്നു.എന്നാൽ പ്രസ്തുത പ്രവൃത്തി 0.32% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഹാഷിം എന്ന കരാറുകാരനാണ് നൽകിയിട്ടുള്ളത്. ഇത്തരത്തിൽ നൽകാനുണ്ടായ സാഹചര്യം, ആയതിന്റെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഇ.എം.ഡി (കരാർ 526220/-തുകയുടെ 2.5%) പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ട് കെട്ടിയതിന്റെ വിശദാംശങ്ങൾ തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-22/24.02.2023-ന് ലഭ്യമാക്കിയ മറുപടിയിൽ വാർഷിക പദ്ധതിയുടെ അവസാന ഘട്ടമായതിനാലും റീ ടെണ്ടർ ചെയ്യുന്നതിനുള്ള സമയക്കുറവും, കുറഞ്ഞ നിരക്കിൽ ടെണ്ടറുകൾ ലഭിക്കാൻ സാധ്യതയില്ലാത്തതിനാലുമുള്ള സാഹചര്യമാണ് ഹാഷിം എന്ന കരാറുകാരന് 22.02.22 ലെ 1(4) നമ്പർ തീരുമാന പ്രകാരം ടെണ്ടർ നൽകാൻ ഇടയായത്. ശ്രീ.സുബിന്റെ പേരിലുള്ള ഇ.എം.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണെന്നും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിക്കുകയുണ്ടായി. ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 പ്രവൃത്തികളുടെ പൂർത്തീകരണത്തോടടുപ്പിച്ച് എസ്റ്റിമേറ്റ് പുതുക്കലിന് അംഗീകാരം നൽകി

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/pwd/dtd 01.02.2012സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്)72/2017 ത,സ്വ.ഭ.വ തീയതി 29-03-2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലാ എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ച ശേഷമോ/പൂർത്തീകരണത്തോടടുത്തോ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ

| ക്രമനം | പദ്ധതിയുടെ പേര് | പദ്ധതി പൂർത്തീകരിച്ച തീയതി | പദ്ധതി റിവൈസ് ചെയ്യാനുള്ള ഭരണ സമിതി തീരുമാനം |
|---|---|---|---|
| 1 | പുല്ലാമല കോളനി റോഡ് മെയിന്റനൻസ് (164/22) | 02.02.2022 | 22.02.22-ലെ 1(7) നമ്പർ തീരുമാനം |

| | | | |
|---|---|---|---|
| 2 | പനവൂർ അങ്കണവാടിയിൽ ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം(219/22) | 08.02.2022 | 22.02.22-ലെ 1(7) നമ്പർ തീരുമാനം |

പ്രസ്തുത അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം-25/25.02.2023-ന് മറുപടി ലഭ്യമാക്കിയില്ല.കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, പദ്ധതി രൂപീകരണ മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ പതിയേണ്ടതാണ്.

## 1-28 ഹോമിയോ ഡോക്ടർ നിർവഹണം നടത്തിയ പ്രോജക്ട്- മരുന്നുകൾ ലഭിച്ചിട്ടില്ല.

വെള്ളാനിച്ചിറ ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല.

| ക്രമനം | പ്രോജക്ട്നം/ പേര് | ബിൽ നം /തിയതി | നല്കിയത് |
|---|---|---|---|
| 1 | 112/22 (മെഡിസിൻ-വെള്ളാനി ച്ചിറആയുർവേദ ഡിസ്പെൻസറി | 2/22-5,82,932<br>Dtd 22.10.21 | മാനേജിംഗ് ഡയറക്ടർ,ഔഷധി. |
| 2 | 112/22 (മെഡിസിൻ-വെള്ളാനി ച്ചിറആയുർവേദ ഡിസ്പെൻസറി | 6/22- 2,50,000/ Dtd 02/03/22 | മാനേജിംഗ് ഡയറക്ടർ,ഔഷധി. |
| 3. | 112/22വെള്ളാനി ച്ചിറ ആയുർ വേദമരുന്ന്. | തനത്ഫണ്ട്-തുക 17068/- (ചെക്ക് നം.5996213/17.11.21) | മാനേജിംഗ് ഡയറക്ടർ,ഔഷധി. |
| 4. | 225/22 (ഹോമിയോ ആശുപത്രിയിലേയ്ക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ) | ധനകാര്യകമ്മീഷൻ. .TSB5996230/24.2.22-Rs 42799/- | ഫയൽ ലഭ്യമല്ല. |

ഹോമിയോ ഡോക്ടർ നിർവ്വഹണം നടത്തിയ മുകളിൽ പറഞ്ഞ പ്രോജക്ടുകളിൽ ടാക്സ് ഇൻവോയിസ്,മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, കമ്പ്യൂട്ടർ വാങ്ങിയതിന്റെ ഫയൽ എന്നിവ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 23/24.2.23 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-29 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.

| എച്ച്.എം.സി | ഏത് വർഷം വരെയുള്ള ഓഡിറ്റ് നടത്തി | അക്കൗണ്ട്സ് സമർപ്പിച്ചത് |
|---|---|---|
| അലോപ്പതി(കുടുംബ ആരോഗ്യകേന്ദ്രം,പനവൂർ | 2019-20 | 2020-21 |
| ഹോമിയോ(മോഡൽ ഹോമിയോ ഡിസ്പെൻസറി ചുള്ളിമാനൂർ) | 2016-17 | 2018-19 |

ഹാജരാക്കാത്ത എച്ച്.എം.സി.കണക്കുകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയുർവേദ ഡിസ്പെൻസറിയിലെ എച്ച്.എം.സി.വിവരം ലഭ്യമല്ല.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.(വാർഷിക ധനകാര്യപത്രിക പ്രകാരം).

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം,പദ്ധതി | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് ഹെഡ് കോഡ് 320700204 | 124936 | 2021-22, റവന്യൂ ചെലവ് | 3635000 | 2845536 | 914400** |
| ബ്ലോക്ക് പഞ്ചായത്ത് ഹെഡ് കോഡ് 320700104 | 4391 | 2021-22 | 4391 | | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഹെഡ് കോഡ് 320700404 | 0 | 2021-22, | 25000 | | 25000 |
| ജില്ലാ പഞ്ചായത്ത് | 0 | 2021-22 | 470000 | 470000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 300000 | | 300000 | 0 |

**ചെലവ് Excess Over Income And Expenditure ലേയ്ക്ക് മാറ്റി. ബാക്കി ചെലവ് 1-6 ൽ ഉണ്ട്.

*** സുലേഖ പത്രിക പ്രകാരമുള്ള ജില്ലാ ബ്ലോക്ക് വിഹിതങ്ങളിലെ ജില്ലാ ബ്ലോക്ക് വിഹിതങ്ങളിലെ ചെലവ് A.F.S ലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

*എ.എഫ്.സി- ലെ വരവും ചെലവും നീക്കിയിരിപ്പും സ്ഥാപനം ഹാജരാക്കിയ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സ്ഥാപനം ലഭ്യമാക്കിയ സംയുക്ത പദ്ധതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

| സ്ഥാപനം | മുന്നിരിപ്പ് | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 40,59,350 | 40,59,350 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 9,13,750 | 9,13,750 | 0 |
| ആകെ | 0 | 49,73,100 | 49,73.100 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിവരം

| ഏജൻസി | 2020-21-ലെ | 2021-22-ൽ | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | ബാലൻസ് തുക | നൽകിയ തുക | | |
|---|---|---|---|---|
| വാട്ടർ അതോറിറ്റി (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | 7,165,000 | 101329 | 114008 | 7,152,321 |

## 4-3 മൊബൈിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്(എ.എഫ്.എസ് പ്രകാരം)

| വായ്പായുടെ പേര് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ച് അടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| HUDCO | - | 59,536,000 | 1820000 | 56,252,000 |

ലോൺ രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ മുൻവർഷം അടവാക്കാനുണ്ടായിരുന്ന ലോൺ തുക,തൻവർഷം ലഭിച്ച ലോൺ തുക, തൻവർഷം അടവാക്കിയ തുക, അടവാക്കാനുള്ള ബാക്കി ലോൺ തുക എന്നിവയുടെ ആധികാരിത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

Rp-10-ൽ 7812/-രൂപ ഓഡിറ്റ് റിക്കവറിയിനത്തിൽ വരവ് ലഭിച്ചിട്ടുണ്ട്. വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

2021-22 വർഷത്തിൽ ചാർജ്ജ്/സർചാർജ്ജ് നടപടികൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ.സംക്ഷിപ്തവിവരം

| | |
|---|---|
| മുന്നിരിപ്പ് | 6827032 |
| ഓഡിറ്റ് വർഷത്തെ വരവ് | 67,494,625 |
| ആകെ | 74321657 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 67,153,832 |
| നീക്കിയിരിപ്പ് | 7167825 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 501372 |

ബി.പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിക തുക.

| ഖണ്ഡിക | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപേരും. |
|---|---|---|
| 1-21 | 125500 | വി.ഇ.ഒ. 11 |
| 1-22 | 105000 | വെറ്റിനറി ഡോക്ടർ |
| 1-26 | 270872 | പഞ്ചായത്ത് സെക്രട്ടറി. |
| | 501372 | |

ഡി.കേന്ദ്ര -സംസ്ഥാന സർക്കാറുകൾ ,മറ്റു സ്ഥാപനങ്ങൾ എന്നിവയുക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഇ.നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്.റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരമേൽവിലാസം.

| ക്രമനമ്പർ | പേരും<br>ഉദ്യോസ്ഥപേരും | സ്ഥിരമേൽവിലാസം |
|---|---|---|
| 1 | ശ്രീ.സുനിൽ.എ<br>സെക്രട്ടറി | കാർത്തിക, ടോൾ മുക്ക്,<br>അവനവഞ്ചേരി,<br>ആറ്റിങ്ങൽ |
| 2 | ശ്രീമതി കീർത്തി.എ.ജെ<br>വെറ്റിനറി സർജൻ | കിഷോർ കോട്ടേജ്, വേങ്കവിള,<br>ഇരിഞ്ചയം |
| 3 | ശ്രീ.പ്രേം കുമാർ,<br>വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ II | പ്രമീളാലയം, മുഴവൻകോട്,<br>കുതിരകുളം.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.റ്റി.വി.എം/ജി.പി.7/463/2022 തീയതി 22.10.22 | 1 |
| 2009-10 | | 1 |
| 2011-12 | | 2 |
| 2013-14 | | 1 |
| 2014-15 | | 2 |
| 2015-16 | | 3 |
| 2016-17 | | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2625/2018 | 6 |
| 2018-19 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/900/2020 തീയതി.21.10.20 | 28 |
| 2019-20 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/667/2021 തീയതി.31.03.21 | 11 |

| | | |
|---|---|---|
| 2020-21 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/776/2022 തീയതി.23.06.22 | 42 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്